<u>15 -ാം കേരള നിയമസഭ</u>

<u>13 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4105</u> <u>17-03-2025 - ൽ മറുപടിയ്ക്ക്</u>

<u>ഹരിതകർമ്മസേന വീട്ടുകളിൽ നിന്ന് ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം നൗഷാദ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഹരിതകർമ്മസേന വീട്ടുകളിൽ നിന്ന് ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ റോഡിന്റെ വശങ്ങളിലാണ് നിലവിൽ സൂക്ഷിക്കുന്നതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | വീട്ടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും യൂസർ ഫീ ഈടാക്കി ഹരിതകർമ്മ സേന ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ വാർഡ് തലത്തിലുള്ള മിനി എം.സി.എഫിലേക്കും അവിടെ നിന്നും തദ്ദേശ സ്ഥാപനത്തിന്റെ ട്രാൻസ്പോർട്ടേഷൻ പ്ലാൻ പ്രകാരം തദ്ദേശ സ്ഥാപന തലത്തിലുള്ള മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി MCF / റിസോഴ്സ് റിക്കവറി ഫെസിലിറ്റി (RRF) എന്നിവിടങ്ങളിലേക്ക് കൊണ്ടുപോകുന്നു. ഇവിടെ നിന്നും തദ്ദേശ സ്ഥാപനത്തിന്റെ ലിഫ്റ്റിംഗ് പ്ലാൻ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കരാർ പ്രകാരം ചുമതലപ്പെടുത്തിയിട്ടുള്ള ക്ലീൻ കേരള കമ്പനി / സ്വകാര്യ ഏജൻസികൾ എന്നിവർക്ക് കൈമാറുന്നു. എന്നാൽ ചില തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ഹരിതകർമ്മ സേന അജൈവ മാലിന്യം താൽക്കാലികമായി റോഡ് അരികുകളിൽ സുക്ഷിക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ട്. അപ്രകാരം സൂക്ഷിക്കുന്ന മാലിന്യങ്ങൾ അടിയന്തിരമായി നീക്കം ചെയ്യുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | ഇങ്ങനെ ശേഖരിക്കുന്ന മാലിന്യങ്ങൾ വഴിയാത്രക്കാർക്ക് ബുദ്ധിമുട്ടുണ്ടാക്കാതെ സുരക്ഷിതമായി വയ്ക്കുന്നതിനുള്ള സൗകര്യങ്ങൾ ലഭ്യമാക്കാൻ നിർദ്ദേശം നൽകുമോയെന്ന് അറിയിക്കുമോ? | (ബി) | പൊതു നിരത്തുകളിലും, പൊതുയിടങ്ങളിലും മിനി എം.സി.എഫുകൾക്കുചുറ്റും അജൈവ മാലിന്യം ശേഖരിച്ച ചാക്കുകൾ സൂക്ഷിക്കുന്നത് ഒഴിവാക്കുന്നതിനായും നിശ്ചിത ഇടവേളകളിൽ പാഴ് വസ്തു നീക്കം ചെയ്യുന്നതിനുള്ള ക്രമീകരണം നടത്തുന്നതിനും എം.സി.എഫുകളിൽ കൃത്യമായ ഇടവേളകളിൽ എത്തിക്കുന്നതിനുള്ള ട്രാൻസ്പോർട്ടേഷൻ പ്ലാനും തരംതിരിച്ച പാഴ് വസ്തുക്കളുടെ ബെയിലിംഗ്/ shredding പ്രവർത്തനങ്ങൾക്ക് ശേഷം, കരാറിലേർപ്പെട്ട ഏജൻസിക്ക് നിശ്ചിത ഇടവേളകളിൽ അവ കൈമാറുന്നതിനുമായിയുള്ള ലിഫ്റ്റിംഗ് പ്ലാൻ സംബന്ധിച്ച് 03.05.2024 ലെ സ.ഉ. |

| | | | |
|---|---|---|---|
| | | | (സാധാ)നം.790/2024/LSGD പ്രകാരം മാർഗ്ഗ രേഖ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത മാർഗ്ഗ രേഖയുടെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നടപടികൾ സ്വീകരിച്ചു വരുന്നു..<br><br>ശേഖരിക്കുന്ന പാഴ് വസ്തുക്കൾ സൂക്ഷിക്കുന്നതിന് ഓരോ വാർഡിലും കുറഞ്ഞത് ഒരു മിനി എം.സി.എഫ്. എങ്കിലും നിർമ്മിക്കേണ്ടതാണെന്നും പാഴ് വസ്തുക്കൾ പൊതു ഇടങ്ങളിൽ വയ്ക്കാതെ അതാതു ദിവസം തന്നെ എം.സി.എഫിലേക്കു മാറ്റുന്നതിന് പര്യാപ്തമായ വാഹന സംവിധാനം ഏർപ്പെടുത്തണമെന്നും 07/10/2023 ലെ സ.ഉ.(സാധാ)നം 1971/2023/LSGD പ്രകാരം തദ്ദേശ സ്ഥാപനങ്ങൾക്ക് നിർദേശം നൽകിയിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ